ഉത്തരം

1984-85 സാമ്പത്തിക വർഷത്തിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയ വകയിൽ ചെലവായ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

തിരുവനന്തപുരം	74,28,114.40
കൊല്ലം	67,10,575.70
ആലപ്പുഴ	1,47,52,069.46
പത്തനംതിട്ട	54,43,704.60
കോട്ടയം	78,89,181.65
ഇടുക്കി	24,20,346.00
എറണാകുളം	55,72,522.77
തൃശ്ശൂർ	1,16,72,526.00
പാലക്കാട്	1,40,57,099.70
മലപ്പുറം	1,65,01,575.48
കോഴിക്കോട്	93,04,193.50
വയനാട്	15,03,320.87
കണ്ണൂർ	99,33,548.00
ആകെ	11,31,88,868.03

കർഷകത്തൊഴിലാളി പെൻഷൻ കുടിശിഖ

1291. [1758] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളി പെൻഷന് എത്ര മാസത്തെ കുടിശിഖബാക്കിയുണ്ട്?

ഉത്തരം

കർഷകത്തൊഴിലാളി പെൻഷന് 1985 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളടങ്ങുന്ന ഒരു ഗഡു പെൻഷൻ കുടിശിഖ ബാക്കിയുണ്ട്.

പാച്ചിപൊടിച്ചിയുടെ കർഷകത്തൊഴിലാളി പെൻഷൻ

1292. [1759] ശ്രീ. കെ. ശങ്കരനാരയണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കുര്യാത്തി ടി. സി. 40/367-ൽ ശ്രീമതി പാച്ചിപൊടിച്ചിക്ക് 3-2-1982-ൽ കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിരുന്നോ ;

(ബി) എങ്കിൽ അവർക്ക് ഇതുവരെയും പ്രസ്തുത പെൻഷൻ ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-2-1982-ൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്ന കമ്മറികളായിരുന്നു. ശ്രീമതി പാച്ചിപൊടിച്ചിക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിലവിലുണ്ടായിരുന്ന കമ്മറി പെൻഷൻ അനുവദിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-6-1982 മുതൽ പുതുക്കിയ കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി നിലവിൽ വന്നു. അതനുസരിച്ച് കർഷകത്തൊഴിലാളികൾ പെൻഷനു അപേക്ഷ നൽകേണ്ടതു് ബന്ധപ്പെട്ട വില്ലേജ് ആഫീസുകളിലാണ്. വില്ലേജ് ആഫീസറുടെ റിപ്പോർട്ടിനനുസൃതമായാണ് പെൻഷൻ അനുവദിക്കുന്നത്. എന്നാൽ ശ്രീമതി പാച്ചിപൊടിച്ചിയുടെ അപേക്ഷ ഇതുവരെയും വില്ലേജ് ആഫീസിൽ നിന്നും തിരുവനന്തപുരം ജില്ല ലേബർ ആഫീസിൽ കിട്ടിയിട്ടില്ല.

തൊഴിലാളി യൂണിയനുകളുടെ അംഗീകാരത്തിനുള്ള മാനദണ്ഡം

1293. [1760] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുമ്പോൾ അംഗസംഖ്യ മാനദണ്ഡമായി സ്വീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

വ്യവസായ - സ്ഥാപനങ്ങളിലെ തൊഴിലാളി യൂണിയനുകൾക്കു അംഗീകാരം നൽകുന്നതിനെ സംബന്ധിച്ച് യാതൊരു നിയമവും നിലവിലില്ല. വ്യവസായ സ്ഥാപനങ്ങളിലെ യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതു മാനേജ്മെൻറുകളാണ്. ഇക്കാര്യത്തെപ്പറ്റിയുള്ള നിയമനിർമ്മാണം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

ജനന രജിസ്ട്രേഷൻ

1294. [161] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്താഫീസിൽ 1985 ജനുവരി 1 മുതൽ ജൂൺ 30 വരെ എത്ര പേരുടെ ജനനം സംബന്ധിച്ച രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് ;

(ബി) 1985 ജനുവരി 1 മുതൽ ജൂൺ 30 വരെ എത്ര പേർക്ക് ഇവിടെ നിന്നും ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് ;

(സി) സർടിഫിക്കറ്റ് വാങ്ങിയവരുടെ ഓരോരുത്തരുടേയും പേരു വിവരവും അവർ ജനനത്തീയതി രജിസ്റ്റർ ചെയ്ത തീയതിയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 580 ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 117 പേർക്ക്

(സി) സർട്ടിഫിക്കറ്റ് വാങ്ങിയവരുടെ പേരു വിവരവും അവർ ജനനതീയതി രജിസ്റ്റർ ചെയ്ത തീയതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly